**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 510** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>പാല മണ്ഡലത്തിലെ കടവുപുഴ പാലം പദ്ധതിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** 2020-21 സംസ്ഥാന ബജറ്റിൽ പാല മണ്ഡലത്തിലെ 878-ാം നമ്പരായി 20% ഫണ്ട് വകയിരുത്തിയ ചില്ലച്ചി തോടിന് കുറുകെ പാലം എന്ന പദ്ധതിക്ക് അനുവദിച്ച 350 ലക്ഷം രൂപയും 2670-ാം നമ്പരായി തീക്കോയി തലനാട് റോഡ് നിർമ്മാണത്തിന് അനുവദിച്ചതിൽ ബാക്കി നിൽക്കുന്ന തുകയായ 1.10 കോടി രൂപയും കടവുപുഴ പാലം പുനർനിർമ്മാണം എന്ന പദ്ധതിക്ക് മാറ്റി അനുവദിക്കണമെന്ന കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2020-21 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II എന്ന ബജറ്റ് രേഖയിൽ 878, 2670 എന്നീ ക്രമ നമ്പരുകളായി ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ യഥാക്രമം വടക്കൻ പറവൂരിൽ ഗവ. ഗേൾസ് ഹൈസ്കൂൾ പുതിയ കെട്ടിടം നിർമ്മാണം, നാവായിക്കുളം ശങ്കര നാരായണ സ്വാമി ക്ഷേത്രം റിംഗ് റോഡ് എന്നീ പ്രവൃത്തികളാണ്.

**(ബി)** കടവുപുഴ പാലം പ്രളയത്തിൽ തകർന്നുപോയതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ദുരിതം പരിഹരിക്കുവാൻ പ്രസ്തുത ഫണ്ട് മാറ്റി അനുവദിക്കുകയോ പുതിയ ഫണ്ട് ലഭ്യമാക്കുകയോ ചെയ്തുകൊണ്ട് പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** 2021-22 ലെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II എന്ന ബജറ്റ് രേഖയിൽ ക്രമ നം. 878 ആയി ഉൾപ്പെടുത്തിയ 'മൂന്നിലവ് മേലുകാവ് പഞ്ചായത്തുകളെ ബന്ധിപ്പിച്ച് ചില്ലച്ചി തോടിന് കുറുകെ പാലം' എന്ന പ്രവൃത്തിയ്ക്ക് 239.2 ലക്ഷം രൂപ എസ്റ്റിമേറ്റ് തുക വകയിരുത്തി 19/01/2023-ലെ G.O. (Rt.) 58/2023/PWD പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഭരണാനുമതി ഉത്തരവ് റദ്ദ് ചെയ്യേണ്ടതാണ് എന്ന വ്യവസ്ഥയിൽ, 2023-24 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II എന്ന ബജറ്റ് രേഖയിലെ 1313 ക്രമ നമ്പർ ആയി ഉൾപ്പെടുത്തിയ കടവുപുഴ പാലം പുനർനിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് 239.2 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും 20% പ്രൊവിഷനും അനുവദിച്ച് 28-02-2026 ലെ GO(Rt)No.2122/2026/FIN പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**